കോ-ഓപ്പറേഷന്റെ (എസ്.ഡി.സി) സാമ്പത്തിക സഹായത്തോടെ നടപ്പാക്കി വരുന്നു. ഇതിനുവേണ്ടി സംസ്ഥാനത്തെ പ്രധാന പരിശീലന സ്ഥാപനങ്ങൾ 'കില' ഐ. എം. ജി., എസ്.ഐ.ആർ.ഡി എന്നിവയുടെ കാര്യശേഷി വികസിപ്പിച്ചെടുക്കുന്നതാണ്.

(സി) പ്രസക്തമല്ല.

(ഡി) സംസ്ഥാനത്തിന്റെ സമ്പദ് വളർച്ച ത്വരിതപ്പെടുത്തുന്നതിനും വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുമാവശ്യമായ അനുകൂല നടപടികൾ കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നുമുണ്ടാകുന്നില്ല എന്നത് ഒരു വസ്തുതയാണ്. സംസ്ഥാന സർക്കാരിന്റെ വികസന ഉദ്യമങ്ങൾക്ക് സഹായകമായ ഒരു സമീപനം കൈക്കൊള്ളണമെന്നും അതിന്റെ ഭാഗമായി കേന്ദ്രപൊതുമേഖലയിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കണമെന്നും നിരവധി തവണ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും കാര്യമായ ഫലമുണ്ടായിട്ടില്ല.

സംസ്ഥാനത്തെ വിവിധ വികസന മേഖലകളിലെ പദ്ധതികൾ നടപ്പാക്കാനാവശ്യമായ സാമ്പത്തിക സഹായം ബാങ്കുകൾ പര്യാപ്തമായ തോതിൽ നൽകുന്നില്ല എന്നതും ഒരു വസ്തുതയാണ്. സംസ്ഥാനത്തെ ബാങ്കുകളിലെ വായ്പ നിക്ഷേപാനുപാതം ഉത്ക്കണ്ഠയുളവാക്കുംവിധം നിരന്തരം കുറഞ്ഞുവരുന്ന പ്രവണതയാണ് കാണുന്നത്, ബാങ്കുകളുടെ പ്രതിനിധികളുമായി ഇക്കാര്യം പലവട്ടം ചർച്ച ചെയ്തിരുന്നുവെങ്കിലും വായ്പാ വിതരണ നയത്തിൽ പറയത്തക്ക യാതൊരുവിധ മാറ്റങ്ങളും ദൃശ്യമായിട്ടില്ല. കേന്ദ്ര സർക്കാരിന്റെ സമീപനവും ബാങ്കുകളിൽ നിന്നുള്ള വായ്പകളുടെ കുറവും നമ്മുടെ സംസ്ഥാനത്തിന്റെ ഭാവി വികസന പ്രക്രിയയെ പ്രതികൂലമായി ബാധിക്കുന്ന തരത്തിലാണ്.

(ഇ & എഫ്) ആസൂത്രണ ബോർഡ് കാലാകാലങ്ങളിൽ സംസ്ഥാന പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ വിഭവ സമാഹരണവുമായി ബന്ധപ്പെട്ട വിശകലന പഠനങ്ങൾ നടത്തി വ്യക്തമായ നിർദ്ദേശങ്ങൾ സർക്കാരിന് നൽകി വരുന്നുണ്ട്.

ഇൻഡസ്ട്രി ആന്റ് ഇൻഫ്രാസ്ട്രക്ചർ ഡിവിഷന്റെ ചീഫ്

29 (962) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്ലാനിംഗ് ബോർഡിൽ ബി. ചന്ദ്രചൂഡൻ നായർ എന്നൊരാൾ ഇൻഡസ്ട്രി ആന്റ് ഇൻഫ്രാസ്ട്രക്ചർ ഡിവിഷന്റെ ചീഫ് ആയി കൃത്യനിർവ്വഹണം നടത്തുന്നുണ്ടോ ;

(ബി) അദ്ദേഹത്തിന്റെ വിദ്യാഭ്യാസ യോഗ്യത, പരിചയം, പ്രസിദ്ധീകരിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ, ഗവേഷണ ലേഖനങ്ങൾ എന്നിവയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അദ്ദേഹത്തെ പ്ലാനിംഗ് ബോർഡിൽ നിയമിച്ചതെന്നാണ് ;

(ഡി) അതിനുമുൻപ് അദ്ദേഹം ഇവിടെ ഏത് പോസ്റ്റിൽ എന്തു ശമ്പളത്തിൽ ജോലി ചെയ്തിരുന്നു ;

(ഇ) ഇപ്പോൾ അദ്ദേഹത്തിന്റെ ശമ്പളമെത്ര ;

(എഫ്) ചീഫ് എന്ന നിലയിൽ അദ്ദേഹം പ്ലാനിംഗ് ബോർഡിന് നൽകിയിട്ടുള്ള സംഭാവനകൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ;

(ജി) അദ്ദേഹം 21-9-2000-ൽ ബാംഗ്ലൂരിൽ എന്തെങ്കിലും മീറ്റിംഗിൽ പങ്കെടുത്തുവോ ?

(എച്ച്) എങ്കിൽ എന്തു മീറ്റിംഗിലാണ് പങ്കെടുത്തത് ;

(ഐ) ആ മീറ്റിംഗിൽ പങ്കെടുക്കാനുള്ള അദ്ദേഹത്തിന്റെ പ്രത്യേക യോഗ്യതകൾ എന്തെല്ലാം ;

(ജെ) അദ്ദേഹത്തെ ജപ്പാനിൽ എന്തെങ്കിലും മീറ്റിംഗിലോ പരിശീലനത്തിനോ നിയോഗിക്കുവാൻ ഉദ്ദേശമുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) 9-10-1998-ൽ

(ഡി) പുനലൂർ, ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസിൽ പ്ലാന്റ് എൻജിനിയറായി *3925 രൂപ അടിസ്ഥാന ശമ്പളത്തിൽ ജോലി ചെയ്തു. *2070 - 3550 (പഴയ നിരക്ക്) രൂപ ശമ്പള സ്കെയിലിൽ

(ഇ) 14,300-18,300 (പുതുക്കിയ നിരക്ക്) ശമ്പളസ്കെയിലിൽ 15,100 രൂപ അടിസ്ഥാന ശമ്പളം വാങ്ങുന്നു.

(എഫ്) ചീഫ് എന്ന നിലയിലുള്ള എല്ലാ ജോലികളും അദ്ദേഹം നിർവ്വഹിക്കുന്നുണ്ട്. കൂടാതെ മുളവികസനത്തെ സംബന്ധിച്ചുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്ലാനിംഗ് ബോർഡും മറ്റു ഡിപ്പാർട്ടുമെന്റുകളും തമ്മിൽ വിവരസാങ്കേതിക വിദ്യ അനുസരിച്ച് നേരിട്ടുള്ള ബന്ധം (ഓൺ ലൈൻ ലിങ്ക്) സ്ഥാപിക്കുന്നതിന് ഇദ്ദേഹം ഒരു പദ്ധതി തയ്യാറാക്കുകയും പ്ലാനിംഗ് ബോർഡ് അത് അംഗീകരിക്കുകയും ചെയ്തു.

(ജി) പങ്കെടുത്തു.

(എച്ച്) ഇൻഡ്യൻ പ്ലൈവുഡ് ഇൻഡസ്ട്രീസ് റിസർച്ച് ആന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് 22-9-2000-ൽ ബാംഗ്ലൂരിൽ സംഘടിപ്പിച്ച വർക്ക്ഷോപ്പിൽ പങ്കെടുത്തു.

---

† അനുബന്ധം - VIII

LIBRARY ARCHIVES Kerala Legislative Assembly

(ഐ) വ്യവസായത്തിന്റെ ഒരു ശൃംഖലയായ മുളവികസനവും സാദ്ധ്യതകളും ആസൂത്രണ ബോർഡിലെ വ്യവസായ വിഭാഗത്തിന്റെ ഉത്തരവാദിത്വങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളായിരുന്നതിനാലും മുള വികസന പദ്ധതി ആസൂത്രണ ബോർഡിൽ തയ്യാറാക്കിയതും ശ്രീ. ചന്ദ്രചൂഡൻ നായരുടെ നേതൃത്വത്തിലായതിനാലുമാണ് സെമിനാറിൽ പങ്കെടുക്കുവാൻ അദ്ദേഹത്തെ നിയോഗിച്ചത്.

(ജെ) ഇല്ല.

പ്ലാനിംഗ്ബോർഡ് അംഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ

30 (963) ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പ്ലാനിംഗ് ബോർഡ് അംഗങ്ങൾക്ക് കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, കാറുകൾ എന്നിവ നൽകിയിട്ടുണ്ടോ ;

(ബി) അവർ ഓരോരുത്തരും മൊബൈൽഫോൺ, ഓഫീസ് ഫോൺ, വീട്ടിലെ ഫോൺ എന്നിവ ഉപയോഗിച്ച വകയിൽ എന്തു തുകവീതം ചെലവായി എന്ന് പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ ;

(സി) ഇവരുടെ ഓരോരുത്തരുടെയും കാർ ഔദ്യോഗികാവശ്യാർത്ഥം ഉപയോഗിച്ച വകയിൽ എത്ര കിലോമീറ്റർ വീതം ഓടിയിട്ടുണ്ട് എന്ന് വിശദമാക്കാമോ ;

(ഡി) ഇവർക്ക് കാർ നൽകിയിരിക്കുന്ന വ്യവസ്ഥ വ്യക്തമാക്കുമോ ;

(ഇ) ഓരോരുത്തരും ടി.എ., ഡി. എ. ഇനങ്ങളിൽ ഇതുവരെ എന്തു തുക വീതം പറ്റിയിട്ടുണ്ട് ?

ഉത്തരം

(എ) പ്ലാനിംഗ് ബോർഡ് അംഗങ്ങൾക്ക് കമ്പ്യൂട്ടർ നൽകിയിട്ടുണ്ട്. ഫുൾടൈം അംഗത്തിന് പ്രാദേശിക യാത്രകൾക്ക് കാർ നൽകിയിട്ടുണ്ട്. അംഗങ്ങൾക്ക് സർക്കാർ ചെലവിൽ മൊബൈൽ ഫോൺ നൽകിയിട്ടില്ല.

(ബി) അംഗങ്ങൾക്ക് മൊബൈൽ ഫോൺ നൽകിയിട്ടില്ല. ഓഫീസിലെ ഫോൺ വീട്ടിലെ ഫോൺ എന്നിവ ഉപയോഗിച്ച വകയിൽ ഇതുവരെ ചെലവായ തുക ചുവടെ ചേർക്കുന്നു.

ശ്രീ. ഇ. എം. ശ്രീധരൻ നമ്പൂതിരിപ്പാട്

ഓഫീസ് ഫോൺ	വീട്ടിലെ ഫോൺ
രൂപ	രൂപ
2,08,429	35,588

ഡോ. തോമസ് ഐസക്

ഓഫീസ് ഫോൺ	വീട്ടിലെ ഫോൺ
രൂപ	രൂപ
3,59,371	1,44,045

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
തുറമുഖ വകുപ്പ്	അണ്ടർ സെക്രട്ടറി	1
	സെക്ഷൻ ഓഫീസർ	1
	അസിസ്റ്റന്റ് ഗ്രേഡ് 2	1
	ടൈപ്പിസ്റ്റ് ഗ്രേഡ് 2	1
	പ്യൂൺ	2
ഇൻഫർമേഷൻ ടെക്നോളജി വകുപ്പ്	ഡെപ്യൂട്ടി സെക്രട്ടറി	1
	സെക്ഷൻ ഓഫീസർ	1
	അസിസ്റ്റന്റ് ഗ്രേഡ് 2	2
	കോൺഫിൻഷ്യൽ അസിസ്റ്റന്റ്	2
	ടൈപ്പിസ്റ്റ്	1
	പ്യൂൺ	4
മുഖ്യമന്ത്രിയുടെ പരാതി പരിഹാരസെൽ	ജോയിന്റ് സെക്രട്ടറി	1
	സെക്ഷൻ ഓഫീസർ	1
	അസിസ്റ്റന്റ് ഗ്രേഡ് 2	2
	കമ്പ്യൂട്ടർ അസിസ്റ്റന്റ്	1
	പ്യൂൺ	1

അനുബന്ധം VIII

[28-2-2001-ലെ നക്ഷത്ര ചിഹ്നമിടാത്ത 29 (962)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

1. Educational Background

i) Technical : *B.Sc (Engg.) Mechanical Branch
First Class. University of Kerala.

: *Passed "Boiler Operation Engineer's Examination conducted by Directorate of Factories and Boilers Government of Kerala.

ii) Professional : * MBA
First Class. University of Kerala.

iii) Research : * Research Scholar
University of Kerala
For the award of Ph.D. Degree

iv) Computer : *Short term course on PC Software
IMG, Thiruvananthapuram

LIBRARY ARCHIVES Kerala Legislative Assembly

2. Training Programmes : * Management Development Programme One month - January 1976- School of Management studies, University of Cochin

*Middle Manager's Refresher Course on Steam Generation and Utilisation conducted by Steam and Fuel Users Association Madras.

3. Publication : Opportunities and Threats of Wood Based Industries - Management Research. Vol. I, 1994.

മാനേജ്മെന്റ് റിസർച്ചർ എന്ന പ്രസിദ്ധീകരണത്തിൽ ഗവേഷണ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പബ്ലിക് റിലേഷൻസ് വകുപ്പ് പുറത്തിറക്കിയ ജനപഥം വൈദ്യുതിപതിപ്പിൽ "വിദ്യുച്ഛക്തി വികസനം ഒൻപതാം പദ്ധതിയിൽ" എന്ന ലേഖനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിനോദസഞ്ചാര ആസൂത്രണം പ്രാദേശിക തലത്തിൽ- മാനേജ്മെന്റ് കാഴ്ചപ്പാട് (ഇന്റർനാഷണൽ ഡെമോക്രാറ്റിക് ഡീസെൻട്രലൈസേഷൻ)

Service Affiliations

i) United Electrical Industries Ltd. Kollam	1973-74 Paid Apprentice
ii) Travancore Plywood Industries Ltd. Punalur	1974-76 Junior Executive Trainee 1976-80 Junior Executive Since 1980 Plant Engineer
iii) Quilon Engineering Technician's Co-operative Society (QETCOS) Ltd. Kollam	1991 Works Manager (on deputation) 1991-93 General Manager (on Deputation)
iv) Institute of Management in Kerala, University of Kerala, Thiruvananthapuram	Guest Faculty in Management MBA programme
v) Madurai Kamaraj University (Distance Learning Programme) Thiruvananthapuram Centre	Guest Faculty in Management MBA programme

LIBRARY ARCHIVES Kerala Legislative Assembly

vi)	Centre for Development of Coir Technology (C-DOCT) Thiurvananthapuram	Honorary Consultant ഹൈടെക് കയർ പാർക്ക്, ജിയോ ടെക്സ്റ്റയിൽസ് ഇൻസ്റ്റിറ്റ്യൂട്ട്, കയർ കോമ്പോസിറ്റ് ഡിസൈൻ സെന്റർ എന്നിവ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുവാൻ സഹായം നൽകി.
8.	Membership in Professional Organisation	Institute of Management Development and Research, Thiruvananthapuram
9.	Major contribution.	
	Travancore Plywood Industries ltd.Punalur	* Implemented Decorative Veneer Project Erected and Commissioned Plant and Machinery * Converted Coal Fired Boiler to wood fired and it resulted in the utilization of wood waste coming out of the plywood making process as fuel, there by eliminated the consumption of furnace oil. * Developed new products based on wood, Bamboo and coir fibre. * Introduced Marine Grade Plywood in the production line. * Identified new products for diversification
	Quilon Engineering Technician's Co-operative Society (QETCOS) Ltd. Kollam	* Introduced a new model of centre lathe (TL-20) in the production line. * Initiated action for diversification in to other areas of manufacture such as power Hack Saw, Pillar Drilling Machine etc.

LIBRARY ARCHIVES Kerala Legislative Assembly